**ശ്രദ്ധക്ഷണിക്കൽ**

<u>പട്ടികജാതി-പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ</u>

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രധാനപ്പെട്ട വിഷയങ്ങളാണ് ഞാനിവിടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. സംസ്ഥാനത്തെ ബഹുഭൂരിപക്ഷം വരുന്ന പട്ടികജാതി/പട്ടികവർഗ്ഗക്കാർ പരമ്പരാഗത കാർഷിക മേഖലയെയും മറ്റ് ഇതര മേഖലകളിലെ കൂലിപ്പണിയെയുംമാത്രം ആശ്രയിച്ച് ജീവിക്കുന്നവരാണ്. പക്ഷേ, കാർഷിക മേഖലയുടെ തകർച്ചയും കോവിഡിന്റെ പശ്ചാത്തലവും തൊഴിലുറപ്പ് പദ്ധതിയുടെ അനിശ്ചിതത്വവുമെല്ലാം കാരണം അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന തൊഴിൽ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഇതുമൂലം ഇവരുടെ വരുമാനം കുറയുകയും വീടുകളിൽ അനിശ്ചിതത്വം നിലനിൽക്കുകയും ചെയ്യുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അതുപോലെ ഇവർ നേരിടുന്ന മറ്റൊരു വിഷയമാണ് ഭൂമിയും വീടും സംബന്ധിച്ച കാര്യം. സ്വന്തമായി വീടില്ലാത്ത അനേകം കുടുംബങ്ങളുണ്ട്. അതുകൊണ്ടുതന്നെ നാം നിർമ്മിച്ച് നൽകുന്ന 450 ചതുരശ്ര മീറ്ററിലെ വീടുകളിൽ ഒന്നിൽ കൂടുതൽ

കുടുംബങ്ങൾ താമസിച്ചുവരുന്നതായി കാണുന്നു. ഇത് ഇത്തരം കുടുംബങ്ങളിൽ പല തരത്തിലുള്ള വിഷയങ്ങൾക്കും കാരണമാകുന്നുണ്ട്. ഭൂമിയുടെ ലഭ്യതക്കുറവ് കാരണം, വീടിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും ലാന്റ് ബാങ്ക് പദ്ധതിയും ഗവൺമെന്റ് നടപ്പാക്കിവരുന്ന ഭവന പദ്ധതിയും ഊർജ്ജിതപ്പെടുത്തുന്നതിനുമുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

## പട്ടികജാതി - പട്ടികവർഗ്ഗ ഗോത്രവിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, നമ്മുടെ സമൂഹത്തിലെ പട്ടികജാതി, ഗോത്ര വർഗ്ഗങ്ങളുടെ തൊഴിൽ, ഭവനരാഹിത്യം അതുപോലെയുള്ള മറ്റ് ജീവിത പ്രശ്നങ്ങൾ എന്നിവയാണ് ബഹുമാനപ്പെട്ട അംഗം ഒ. ആർ. കേളു ശ്രദ്ധക്ഷണിക്കലിലൂടെ ഈ സഭയിൽ അവതരിപ്പിച്ചത്. ദൗർഭാഗ്യവശാൽ ഈ കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ പ്രതിപക്ഷത്തിന്റെ ബഹളത്തിനിടയിൽ ഇതിന് മറുപടി പറയേണ്ടിവരുന്നത് ഒരു വിരോധാഭാസമാണ്. നേരത്തെയും ഇത്തരത്തിൽ സംഭവിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സുസ്ഥിരമായ വരുമാനമാർഗ്ഗം സൃഷ്ടിക്കുക എന്നത് ഈ ഗവൺമെന്റിന്റെ ലക്ഷ്യമാണ്. ഒരു കുടുംബത്തിൽ ഒരാൾക്ക് സ്ഥിരവരുമാനമുള്ള ജോലി നൽകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ആളുകൾ ഇവിടെ പ്രഖ്യാപിച്ചത് ഈ സഭയുടെ ശ്രദ്ധയിലുണ്ടാകും. അതനുസരിച്ചാണ് സർക്കാർ തലത്തിൽ പരമാവധി ജോലി നൽകുക എന്നുള്ള നിലപാട് സ്വീകരിച്ചുകൊണ്ട് പോലീസ്, എക്സൈസ്, ഫോറസ്റ്റ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ പ്രത്യേക റിക്രൂട്ട്മെന്റ് നടത്താൻ തീരുമാനിച്ചതും ഒരു പരിധിവരെ അത് നടപ്പിലാക്കിക്കഴിഞ്ഞതും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതും. സർക്കാർ-പൊതുമേഖലയിൽമാത്രം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കില്ല എന്നതിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വിദ്യാഭ്യാസം സിദ്ധിച്ച യുവതീ-യുവാക്കൾക്ക് നൈപുണ്യ വികസന പരിശീലനങ്ങൾ അംഗീകൃത ഏജൻസികൾ മുഖേന നൽകിയും അവർക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്. ഇതുപ്രകാരം 2016-17 മുതൽ ഏകദേശം 2990 പേർക്ക് വിവിധ സ്വകാര്യ വ്യവസായ സ്ഥാപനങ്ങളിൽ മികച്ച ജോലി ലഭ്യമാക്കിയിട്ടുണ്ട്. ഇവരിൽ 22 പേരെ വിദേശത്തേയ്ക്ക് അയയ്ക്കാനും അവിടെ

അവർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ ഇപ്പോൾ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരികയാണ്. നിർമ്മാണ അനുബന്ധ മേഖലയിൽ പട്ടികവർഗ്ഗക്കാർക്ക് പരിശീലനം നൽകി, അവിടെ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ച് തൊഴിലവസരങ്ങൾ ഉണ്ടാക്കുന്ന 'ഗോത്രജീവിക' എന്ന പദ്ധതി പ്രകാരം നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് പ്രവർത്തനങ്ങൾ നടത്തിവരികയാണ്. പരമ്പരാഗത തൊഴിൽമേഖലയിൽ പട്ടികവർഗ്ഗക്കാർക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. സാധാരണ ജനറൽ വിഭാഗങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയിലൂടെ നൂറ് ദിവസമാണ് തൊഴിൽ നൽകുന്നതെങ്കിൽ 'ട്രൈബൽ പ്ലസ്' എന്ന പേരിൽ നൂറ് ദിവസംകൂടി അധികം തൊഴിലവസരങ്ങൾ പട്ടികവർഗ്ഗക്കാർക്ക് നൽകാനുള്ള പദ്ധതികൂടി നടപ്പിലാക്കുകയാണ്. അതുപോലെ ലൈഫ് മിഷൻ പദ്ധതിയിലൂടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാനുള്ള ഇടപെടൽ നടത്തുന്നുണ്ട്. കഴിഞ്ഞ ദിവസം ഞാൻ ഈ സഭയിൽ മറുപടി പറഞ്ഞതാണ്, ലൈഫ് മിഷന്റെ ഒന്നാംഘട്ട പദ്ധതിയിൽ 11377 വീടുകൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്,

8433 വീടുകൾക്കൂടി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ലൈഫ് മിഷൻ പദ്ധതിയിലൂടെ മുഴുവൻ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വരുന്ന അഞ്ചുവർഷക്കാലംകൊണ്ട് സമ്പൂർണ്ണ പാർപ്പിട പദ്ധതിയും അതുപോലെതന്നെ പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമിയും വീടും കൊടുക്കാനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. മുഴുവൻ ആദിവാസികൾക്കും പട്ടികജാതിക്കാർക്കും ഭൂമിയും വീടും കൊടുക്കുക എന്നത് ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ആ ലക്ഷ്യം നിറവേറ്റാൻ വേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകും. അതുപോലെതന്നെ അവർക്ക് കൂടുതൽ മെച്ചപ്പെട്ട മേഖലയിലേയ്ക്ക് ഉയർന്നുവരാൻവേണ്ടിയുള്ള പുതിയ തൊഴിൽ സാധ്യതകളും സാധ്യമായ മറ്റെല്ലാ കാര്യങ്ങളും ചെയ്തുകൊണ്ട് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഇന്ന് നമ്മുടെ സമൂഹത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻവേണ്ടിയുള്ള നടപടിയുമായി ഗവൺമെന്റ് മുന്നോട്ടുപോകും എന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)